"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ചെയർമാനെ സഹായിക്കാനായി എക്സിക്യൂട്ടീവ് അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചത് - കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2077/2025/LSGD    തീയതി,തിരുവനന്തപുരം, 21-08-2025

---

പരാമർശം:-

1. 26/02/2016-ലെ സ.ഉ.(പി) നം. 28/2016/ധന ഉത്തരവ്.
2. 28/04/2017-ലെ സ.ഉ.(പി) നം.56/2017/ധന ഉത്തരവ്.
3. 21/07/2018-ലെ സ.ഉ.(പി) നം.112/2018/ധന ഉത്തരവ്.
4. 13/06/2019-ലെ സ.ഉ.(സാധാ) നം.1217/2019/തസ്വഭവ ഉത്തരവ്.
5. 16/01/2025-ലെ സ.ഉ.(സാധാ) നം.147/2025/തസ്വഭവ ഉത്തരവ്.
6. ജി.സി.ഡി.എ സെക്രട്ടറിയുടെ 26/06/2025-ലെ 1899/ജി3/2022/ജി.സി.ഡി.എ. നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി വികസന അതോറിറ്റി ചെയർമാനെ സഹായിക്കുന്നതിനായി അതോറിറ്റി പൊതുഭരണ വിഭാഗത്തിൽ ഒരു എക്സിക്യൂട്ടീവ് അസിസ്റ്റന്റിനെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം (4) പ്രകാരം സർക്കാർ അനുമതി നൽകുകയും, ടി തസ്തികയിൽ ശ്രീ. ജോബി ജോണിനെ കരാർ അടിസ്ഥാത്തിൽ നിയമിക്കുകയും ചെയ്തിരുന്നു.

2. ശ്രീ. ജോബി ജോണിന്റെ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് തസ്തികയിലെ കരാർ കാലാവധി 05/08/2025-ന് പൂർത്തിയാകുന്ന സാഹചര്യത്തിൽ, കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം കത്ത് പ്രകാരം ജി.സി.ഡി.എ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2), (3) എന്നിവയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിശാല കൊച്ചി വികസന അതോറിറ്റിയിലെ എക്സിക്യൂട്ടീവ് അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോബി ജോണിന്റെ

05/08/2025-ന് അവസാനിച്ച കരാർ കാലാവധി ഒരു ദിവസത്തെ ഇടവേള നൽകിക്കൊണ്ട് 07/08/2025 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ശ്രീ. ജോബി ജോൺ (ജി.സി.ഡി.എ. സെക്രട്ടറി മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ (ആഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (ഐ.എ.3/111/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 21-08-2025 15:29:26